"ഭരണഭാഷ - മാതൃഭാഷ"

നം:-വൈ.1/8659/2026/D.G.E

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 31-08-2026

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - സ്കൂൾ ശാസ്ത്രോൽസവം 2026 - ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ടാലന്റ് സെർച്ച് പരീക്ഷ, തത്സമയ നിർമാണ മത്സര ഇനങ്ങളായ ശാസ്ത്ര മാഗസിൻ, ഇലക്ട്രോണിക്സ് , IOT റോബോട്ടിക്സ് മത്സര ഇനങ്ങളുടെ നടത്തിപ്പിന് ആവശ്യമായ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് -

സൂചന :- 1. ശാസ്ത്രോൽസവം മാനുവൽ 2025
2. ബഹു. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ 19.08.2026 ലെ ഓൺലൈൻ മീറ്റിംഗ്.

******************

സ്കൂൾ ശാസ്ത്രോൽസവം 2026 നടത്തിപ്പുമായി ബന്ധപ്പെട്ട് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ടാലന്റ് സെർച്ച് പരീക്ഷ, തത്സമയ നിർമാണ മത്സര ഇനങ്ങളായ ശാസ്ത്ര മാഗസിൻ, ഇലക്ട്രോണിക്സ് , IOT റോബോട്ടിക്സ് മത്സര ഇനങ്ങളുടെ നടത്തിപ്പിന് ആവശ്യമായ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**ഇലക്ട്രോണിക്സ്, IOT, റോബോട്ടിക്സ് ( HS, HSS/VHSE )**

3 മണിക്കൂർ മത്സര ഘടനയ്ക്കുള്ളിൽ പ്രായോഗികത നിലനിർത്തിക്കൊണ്ട്, 'അസംബ്ലി അധിഷ്ഠിത മത്സരം' എന്നതിൽ നിന്ന് 'എഞ്ചിനീയറിംഗ് ചിന്ത, ഡിസൈൻ ശേഷി, പ്രശ്നപരിഹാര കഴിവ്' തുടങ്ങിയ ശേഷികളിലൂടെ കുട്ടിയുടെ ഈ മേഖലയിലെ കഴിവ് പരിശോധിക്കുക എന്നതാണ് ഈ മത്സരം കൊണ്ട് അർത്ഥമാക്കുന്നത്.

1. എല്ലാ അസംബ്ലിയും ഡെമോയും 3 മണിക്കൂറിനുള്ളിൽ പൂർത്തിയാക്കണം
2. മുൻകൂട്ടി നിർമ്മിച്ചതോ മുൻകൂട്ടി സോൾഡർ ചെയ്തതോ ആയ പൂർണ്ണമായ സിസ്റ്റങ്ങൾ അനുവദനീയമല്ല.
3. സബ് മോഡ്യൂളുകൾ/ഘടകങ്ങൾ അനുവദനീയമാണ്.
4. ആശയവ്യക്തതയ്ക്ക് മുൻഗണന
5. ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും വിശദീകരിക്കാൻ വിദ്യാർത്ഥിക്ക് കഴിയണം
6. കിറ്റ് അടിസ്ഥാനമാക്കിയ പ്രോജക്ടുകൾ അനുവദനീയമല്ല
7. മാറ്റങ്ങൾ വരുത്താത്ത പ്ലഗ്-ആൻഡ്-പ്ലേ കിറ്റുകൾ ഉപയോഗിക്കരുത്
8. ഉപയോഗിക്കുന്ന പ്രോഗ്രാമുകളെക്കുറിച്ചുള്ള ധാരണ കൃത്യമായി പരിശോധിക്കണം
9. ആദ്യ അരമണിക്കൂറിനുള്ളിൽ ഡിസൈൻ ഡോക്യുമെന്റ് തയ്യാറാക്കണം .
   * പ്രശ്ന വിവരണം
   * സമീപനം
   * ബ്ലോക്ക് ഡയഗ്രം

* ഉപയോഗിക്കുന്ന കംപോണന്റ്സ്

10.സുരക്ഷാ നിയമങ്ങൾ പാലിക്കണം

**ഇലക്ട്രോണിക്സ്**

* Project-ന്റെ പ്രധാന ഭാഗം Electronics circuit ആയിരിക്കണം
* പ്രോജക്ട് ഡിസൈൻ അടിസ്ഥാനമായിരിക്കണം
* ഇൻപുട്ട് > പ്രോസസ്സിംഗ്→ ഔട്ട്പുട്ട് ഫ്ലോ കൃത്യമായി കാണിക്കണം
* ബ്രെഡ്ബോർഡ്/ PCB മാത്രം ഉപയോഗിച്ച് മുഴുവൻ സിസ്റ്റം ഉണ്ടാക്കാൻ പാടില്ല
* സെൻസറുകളും MCU കളും ഉപയോഗിക്കാം
* വയറിങ് കൃത്യവും ആകർഷകവുമായിരിക്കണം
* ഘടകങ്ങളുടെ പ്രവർത്തനം വിശദീകരിക്കാൻ കഴിയണം
* ഡിബഗ്ഗിംഗ് കഴിവ് നിർണ്ണായകം

*സിഗ്നൽ ഫ്ലോ വ്യക്തമായിരിക്കണം

* മൾട്ടിമീറ്റർ പോലുള്ള ഉപകരണങ്ങൾ ഉപയോഗിക്കണം

**IOT**

* സെൻസർ, മൈക്രോകൺട്രോളർ, കമ്മ്യൂണിക്കേഷൻ ഉപയോഗം കൃത്യമാക്കണം
* ഉപകരണം, കണക്റ്റിവിറ്റി, ഡാറ്റ, യൂസർ ഇൻ്ററാക്ഷൻ കൃത്യമാക്കണം
* കോഡ് വിശദീകരിക്കാൻ കഴിയണം
* റിയൽ ടൈം ഡാറ്റ കാണിക്കണം
* ഹാർഡ്‌വെയർ ഇല്ലാത്ത ആപ്പ് മാത്രം ഉപയോഗിക്കരുത്
* ഡാറ്റ ഫ്ലോ വിശദീകരിക്കാൻ കഴിയണം
* യഥാർത്ഥ പ്രശ്നപരിഹാരം ഉൾക്കൊള്ളണം

**റോബോട്ടിക്സ്**

* Sense → Process → Act നിർബന്ധം
* കൺട്രോളർ ഉപയോഗിക്കാം
* ലളിതവും വ്യക്തവുമായ കോഡുകൾ ഉപയോഗിക്കാം, കോപ്പി പേസ്റ്റ് കോഡുകൾ ഉപയോഗിക്കരുത്
* റിമോട്ട് കണ്ട്രോൾ മാത്രം ഉപയോഗിക്കരുത്
* ഓട്ടോമേഷൻ ഘടകം നിർബന്ധം
* സെൻസർ ഉപയോഗം നിർബന്ധം
* മെക്കാനിക്കൽ, ഇലക്ട്രോണിക് സംയോജനം വേണം
* റോബോട്ട് എങ്ങനെ തീരുമാനമെടുക്കുന്നു എന്ന് വിശദീകരണം വേണം

**ശാസ്ത്ര മാഗസിൻ മത്സരം ( എച്ച്.എസ്., എച്ച്.എസ്.എസ്./വി.എച്ച്.എസ്.എസ്. വിഭാഗം)**

* ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗങ്ങളിൽ നിന്നും 5 വിദ്യാർത്ഥികൾ അടങ്ങിയ മാഗസിൻ സമിതി അംഗങ്ങളാണ് ഉപജില്ലാതല മത്സരത്തിന് പങ്കെടുക്കേണ്ടത്.
* ഉപജില്ലാതല മത്സരത്തിൽ എ ഗ്രേഡോടെ ഉയർന്ന സ്കോർ നേടുന്ന രണ്ട് മാഗസിൻ സമിതി അംഗങ്ങളാണ് റവന്യൂ ജില്ലാതലത്തിലും റവന്യൂ ജില്ലാതലത്തിൽ എ ഗ്രേഡോടെ ഉയർന്ന സ്കോർ

ലഭിക്കുന്ന രണ്ട് മാഗസിൻ സമിതി അംഗങ്ങളാണ് സംസ്ഥാനതലത്തിലും പങ്കെടുക്കേണ്ടത്.

* മേളയുടെ ചാമ്പ്യൻഷിപ്പ് കണക്കാക്കുന്നതിന് മാഗസിൻ മത്സരഫലം പരിഗണിക്കുന്നതല്ല.

* ഉപജില്ലാ തലം മുതൽ രണ്ടു ദിവസത്തെ ശിൽപശാലയാക്കി സംഘടിപ്പിക്കേണ്ടതാണ്.

* മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ശാസ്ത്രത്തിന്റെ രീതിയെക്കുറിച്ച് (Method of Science) ആഴത്തിലുള്ള അറിവ് ലഭിക്കുന്നതരത്തിലും ശാസ്ത്രത്തിലെ നൂതന പ്രവണതകളെക്കുറിച്ച് ധാരണ ലഭിക്കുന്ന തരത്തിൽ ശിൽപശാല സംഘടിപ്പിക്കേണ്ടതാണ്.

* ശാസ്ത്രലേഖന രചനയുടെ രീതിശാസ്ത്രവും സങ്കേതങ്ങളും പരിചയപ്പെടുത്തുന്ന ക്ലാസ്/സെമിനാർ ആണ് ആദ്യ സെഷനിൽ അവതരിപ്പിക്കേണ്ടത്. അതിന് ശേഷം റഫറൻസ് നടത്തി മാഗസിൻ/കുറിപ്പ് തയ്യാറാക്കാൻ അവസരം നൽകണം.

* ഓരോ തലത്തിലും മാഗസിനിൽ ഉൾപ്പെടുത്തേണ്ട വിഷയമേഖലകൾ നൽകണം. നൽകിയ വിഷയ മേഖലകളുമായി ബന്ധപ്പെട്ട് റഫറൻസ് നടത്താൻ (ഇന്റർനെറ്റ്, പുസ്തകം) 2 മണിക്കൂർ സമയം അനുവദിക്കും.

* റഫറൻസ് നടത്തുമ്പോൾ എഴുതിയ കുറിപ്പുകൾ മാഗസിൻ നിർമ്മാണ സമയത്ത് ഉപയോഗിക്കാൻ അനുവദനീയമല്ല.

* ആദ്യ ദിനം 3 മണിക്കൂറും രണ്ടാം ദിനം 2 മണിക്കൂറും മാഗസിൻ തയ്യാറാക്കാൻ ഉപയോഗിക്കാം.

* മാഗസിന് ഒരു പേര് ഉണ്ടായിരിക്കണം. മാഗസിനിൽ സ്കൂളിന്റെ പേരോ സബ്/വിദ്യാഭ്യാസ/റവന്യൂജില്ലയുടെ പേരോ ഒരിടത്തും പാടില്ല.

* രണ്ടാം ദിവസം, തയ്യാറാക്കിയ മാഗസിനെ അടിസ്ഥാനമാക്കി കുട്ടികളുമായി അഭിമുഖം നടത്തണം.

* മാഗസിൻ കൈയെഴുത്തിൽ ആയിരിക്കണം തയ്യാറാക്കേണ്ടത്.

* തയ്യാറാക്കിയവ തുന്നികെട്ടണം. സ്റ്റാപ്ളർ അടിക്കരുത്.

* പുറം ചട്ട ഉണ്ടായിരിക്കണം.

* പുറം ചട്ട ചാർട്ടിൽ ആണ് തയ്യാറാക്കേണ്ടത്.

* ബൈന്റ് ചെയ്യണം. സ്പൈറൽ ബൈന്റ് , കാലികോ ബൈന്റ് പാടില്ല.

* എ 4 പേപ്പറിന്റെ ഒരു വശത്ത് മാത്രമേ എഴുതാവൂ.

* പുറം ചട്ട ഉൾപ്പടെ 30 പേജുകൾ മാത്രമേ പാടുള്ളൂ.

* മത്സരത്തിന് ശേഷം മാഗസിൻ തിരികെ നൽകുന്നതാണ്

Digitally signed by
SNEHIL KUMAR SINGH
Date: 31-08-2026
12:05:00

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്:- വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ/ആർ.ഡി.ഡി./എ.ഡി.

പകർപ്പ്: 1 എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫിസർമാർക്കും(ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖേന )

2. സയൻസ് ക്ലബ് സംസ്ഥാന സെക്രട്ടറി

3. എല്ലാ സയൻസ് ക്ലബ് ജില്ലാ, ഉപജില്ലാ സെക്രട്ടറിമാർക്കും ( സയൻസ് ക്ലബ് സംസ്ഥാന സെക്രട്ടറി മുഖേന )

4. എല്ലാ പ്രധാന അധ്യാപകർക്കും/പ്രിൻസിപ്പൽ മാർക്കും.(ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

5. KITE (വെബ് സൈറ്റിൽ  പ്രസിദ്ധീകരിക്കുന്നതിലേക്ക്)